പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5663

02/07/2014-ൽ
മറുപടിയ്ക്കു്

**റിസർവ്വ് ശാന്തിക്കാരെ നിയമിക്കാൻ നടപടി**

**ചോദ്യം**

ശ്രീമതി പി. അയിഷാ പോറ്റി

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| | |
|---|---|
| എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ മുഖ്യതസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശാന്തിക്കാരെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | എ) നിലവിൽ നടപടികളൊന്നും ഇല്ലായെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| ബി) ക്ഷേത്രങ്ങളിൽ കാണിക്ക എണ്ണുന്ന ജോലിക്ക് ശാന്തിക്കാരെ നിയോഗിക്കുന്ന നടപടി നിർത്തലാക്കാൻ ഉത്തരവ് നൽകുമോ; | ബി) കാണിക്ക പൊട്ടിച്ച് എണ്ണി തിട്ടപ്പെടുത്തുന്നത് അതത് ക്ഷേത്രത്തിലെ മേൽശാന്തിയുടെ സാന്നിദ്ധ്യത്തിലായിരിക്കണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന എല്ലാ വിഭാഗം ജീവനക്കാരുടെയും കർത്തവ്യമാണ് കാണിക്ക തുക എണ്ണി തിട്ടപ്പെടുത്തുക എന്നത്. ഈ സാഹചര്യത്തിൽ ഏതെങ്കിലും ഒരു വിഭാഗത്തെ ഒഴിവാക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല. |
| സി) അവധിയെടുക്കുന്ന ശാന്തിക്കാർക്ക് പകരം ജോലി നോക്കുന്നതിനായി ഗ്രൂപ്പ് അടിസ്ഥാനത്തിൽ റിസർവ്വ് ശാന്തിക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | സി) അവധി എടുക്കുന്ന ശാന്തിക്കാർക്ക് പകരം ജോലി നോക്കുന്നതിനായി ഗ്രൂപ്പ് അടിസ്ഥാനത്തിൽ റിസർവ്വ് ശാന്തിക്കാരെ നിയമിക്കുന്നത് ബോർഡിന് ഭാരിച്ച സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതാണ്. ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി അനുസരിച്ച് റിസർവ് ശാന്തിക്കാരെ നിയമിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ